**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 289** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ - പൊതു വിതരണ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെയായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഭക്ഷ്യ - പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; ഇതിനായി അനുവദിച്ച തുക, ഭൗതിക നേട്ടം എന്നിവ വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കെ സ്റ്റോർ, ഒപ്പം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒപ്പം പദ്ധതി പ്രകാരം 3 കാർഡുടമകൾക്ക് പ്രദേശത്തെ ഓട്ടോറിക്ഷ തൊഴിലാളികളുടെ സഹകരണത്തോടെ സൗജന്യമായി അവരുടെ വീട്ടുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നുണ്ട്. മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ 06 റേഷൻ കടകളെ കെ-സ്റ്റോറുകൾ ആക്കി മാറ്റിയിട്ടുണ്ട്. പ്രസ്തുത പ്രദ്ധതികൾക്കായി സർക്കാർ പ്രത്യേകം തുക അനുവദിക്കുന്നില്ല.<br><br>മഞ്ചേശ്വരം നിയാജേക മണ്ഡലത്തിൽ സപ്ലൈകോ \| അപ്‌ഗ്രേഡ് ചെയ്ത വിൽപ്പനശാലകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2021 ജൂൺ മുതൽ 2026 ജനുവരി 12 വരെ മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | 2021 ജൂൺ മുതൽ 2026 ജനുവരി 12 വരെ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ 7029 മുൻഗണന കാർഡുകൾ അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ക്രമ നം. | ആരംഭിച്ച തീയതി | വിൽപ്പനശാല | വിശദ വിവരങ്ങൾ | അനുവദിച്ച/ ചെലവായ തുക |
|---|---|---|---|---|
| **1** | **20/12/2024** | ബന്ദിയോട് സൂപ്പർ മാർക്കറ്റ് | അപ്ഗ്രഡേഷൻ | **7,08,522** |

**അഡ്വ ജി ആർ അനിൽ**

**MINISTER**